**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 902** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടാമ്പി മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പട്ടാമ്പി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേനെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തവ ഏതൊക്കെയാണെന്നും കാലതാമസത്തിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** **പാലങ്ങൾ:**

അനുബന്ധം 1 ആയി ചേർക്കുന്നു.

**നിരത്തുകൾ:**

അനുബന്ധം 2 ആയി ചേർക്കുന്നു.

**ആർ.ബി.ഡി.സി.കെ:**

കൊടുമുണ്ട ഫ്ളൈഓവറിൻറെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയാണ്. സ്ഥലം കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡിസൈൻ:**

പട്ടാമ്പി KRFB-PMU മുഖേന നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട "കിഫ്ബി-പാലക്കാട് ജില്ലയിലെ പട്ടാമ്പി-അമയൂർ റോഡിൻറെ വികസനം" എന്ന പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് (ഡിപിആർ) ഡിസൈൻ വിംഗിൽ നിന്നും തയ്യാറാക്കി 25.10.2025-ന് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി), പി.എം.യു-യ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. സമർപ്പിച്ച ഡിപിആർ പ്രകാരം പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുക 27,90,21,000/- (ഇരുപത്തിയേഴ് കോടി തൊണ്ണൂറ് ലക്ഷം ഇരുപത്തിയൊന്നായിരം രൂപ മാത്രം) ആണ്.

**കെട്ടിട വിഭാഗം**

1)പട്ടാമ്പി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ വിളയൂർ സബ് രജിസ്ട്രാർ ഓഫീസ് അറ്റകുറ്റ പണികൾ നടത്തുന്നതിനായി G.O(Rt) No. 121/2026/PWD dated Thiruvananthapuram 03/02/2026 ഉത്തരവ് പ്രകാരം 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തി കരാർ ഉടമ്പടി നമ്പർ EE/PB/20/2025-26 തീയതി 10/03/2026 പ്രകാരം ശ്രീ റഷീദ് പി എന്ന കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും, സൈറ്റ് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. നെറ്റ് വർക്കിംഗ് ഉൾപ്പെടെയുള്ള ഓഫീസ് ഷിഫ്റ്റിംഗ് ചെലവുകൾ

കണക്കിലെടുത്ത് ഓഫീസ് മാറാതെ തന്നെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള സാധ്യത ആരാഞ്ഞ് 03/06/2026 ന് വിളയൂർ സബ് രജിസ്ട്രാർ ഓഫീസ് പട്ടാമ്പി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ കെട്ടിടത്തിന്റെ മേൽക്കൂര, തറ എന്നിവയുടെ അറ്റകുറ്റപണികൾ നടത്തുമ്പോൾ രജിസ്ട്രാർ ഓഫീസിൽ ആജീവനാന്തം സൂക്ഷിക്കേണ്ട വിലപ്പെട്ട രേഖകൾക്ക് നാശനഷ്ടം സംഭവിക്കുവാനുള്ള സാധ്യത കണക്കിലെടുത്ത് പ്രസ്തുത വസ്തുക്കൾ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ മാറ്റി തന്നാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അസിസ്റ്റന്റ് എൻജിനീയർ 05/06/2026, 10/06/2026 എന്നീ തീയതികളിൽ സബ് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. വിളയൂർ സബ് രജിസ്ട്രാർ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും മാറി പ്രവർത്തനം ആരംഭിച്ചാലുടൻ ടി കെട്ടിടത്തിലെ പ്രവർത്തികൾ നടപ്പിലാക്കുന്നതാണ്.

2) പെരുമുടിയൂർ SNGLPS ന് ക്ലാസ്സ് മുറി നിർമ്മിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിൽ നിന്നും സർക്കാർ ഉത്തരവ് GO(Rt) No. 1852/2026/GEDN dated 02/03/2026 പ്രകാരം 120 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കായി സാങ്കേതികാനുമതിക്കുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിൽ പുരോഗമിച്ചു വരുന്നു. പെരുമുടിയൂർ SNGLPS ന് ക്ലാസ്സ് മുറി നിർമ്മാണ പ്രവൃത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് ഉടൻ ആരംഭിക്കുന്നതാണ്.

**കെ.ആർ.എഫ്.ബി – പി.എം.യു**

പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക അനുമതി ലഭിച്ച പദ്ധതികളിൽ പട്ടാമ്പി അമയൂർ റോഡ് പ്രവർത്തി മാത്രമാണ് ആരംഭിക്കാനുള്ളത്. പട്ടാമ്പി അമയൂർ റോഡ് നവീകരണ പ്രവൃത്തിയ്ക്ക് 01/11/2016 തീയതി G.O(Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 26/02/2026 ലെ PWD006-09/APR-1/2026/KIIFB ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് 16.99 കോടി രൂപക്ക് സാമ്പത്തികാനുമതിയും ലഭിച്ചു. 12/03/2026 തീയതിയിലെ PWD/KR/EST_TS/768/2026_5_3_2 ഉത്തരവ് പ്രകാരം 14.13 കോടി രൂപക്ക് സാങ്കേതികാനുമതി നൽകി 13/03/2026 തീയതിയിൽ ടെൻഡർ ചെയ്തിട്ടുണ്ട്. എന്നാൽ 15.03.2026 തീയതിയിൽ 2026 അസംബ്ലി ഇലക്ഷനുമായി ബന്ധപ്പെട്ട് MCC നിലവിൽ വന്നതിനാൽ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. പിന്നീട് 07.05.2026 തീയതിയിൽ MCC അസാധു ആയതിനുശേഷം, പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികളുടെ ഭാഗമായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിൽ പ്രവൃത്തിയുടെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്ത് PQ evaluation നടത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

BRIDGES - ANNEXURE -1

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പട്ടാമ്പി ആമയൂർ റോഡിൽ km 7/040-ൽ പുളുപ്പാലം പാലം പുനർ നിർമ്മാണം | ആദ്യത്തെ തവണ ടെണ്ടർ ക്ഷണിച്ചിരുന്നു എങ്കിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 22.06.2026-ന് വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുള്ളതാണ്. പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഉടമ്പടി വെക്കുന്ന മുറയ്ക്ക് ഉടൻ ആരംഭിക്കുന്നതാണ് |
| 2 | മപ്പാട്ടുകര റെയിൽവേ അടിപ്പാതയും അപ്രോച്ച് റോഡ് നിർമ്മാണവും | പ്രസ്തുത പ്രവൃത്തിയിൽ അടിപ്പാതയുടെ നിർമ്മാണം നടത്തുന്നത് റെയിൽവേയാണ്. ആയതിന്റെ ടെൻഡർ കഴിഞ്ഞിട്ടുണ്ട് PWD ചെയ്യേണ്ട അപ്രോച്ച് റോഡിന്റെ നിർമ്മാണം അടിപ്പാതയുടെ നിർമ്മാണത്തിന്റെ തുടർച്ചയായതിനാലും അടിപ്പാതയുടെ ലെവൽ തുടരേണ്ടതുള്ളതിനാലും റെയിൽവേയുടെ ഭാഗം പൂർത്തീകരിച്ചാൽ മാത്രമേ പൊതുമരാമത്ത് വകുപ്പിന് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ നിലവിൽ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല. |
| 3 | പെരുവഴിതോടിന് കുറുകെ കുമ്പാരംകട്ടി നടപ്പാലം നിർമ്മാണം | ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ആയത് ഡിസൈൻ ലഭ്യമാക്കുന്നതിനായി CEPWD/9927/2026-AB3-BR തീയതി 04.06.2026 നമ്പർ കത്ത് പ്രകാരം ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. ഡിസൈൻ ലഭ്യമാകുന്നമുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |

## ROADS ANNEXURE-2

| ക്രമ നം | പ്രവൃത്തിയുടെ പേര് | കാലതാമസത്തിനുള്ള കാരണങ്ങൾ |
|---|---|---|
| 1 | **General – Improvement patch works to Kulukallur Eravantra road between km 0/00 and 5/000** | നിലവിൽ, അന്താരാഷ്ട്ര തലത്തിൽ ഇറാൻ അമേരിക്ക യുദ്ധത്തെ തുടർന്നുണ്ടായ ബിറ്റുമെൻ വിലയിലെ വൻ വർദ്ധനവ് കാരണം പ്രവൃത്തി നടപ്പിലാക്കാൻ കരാറുകാരൻ വിമുഖത കാണിക്കുന്ന സാഹചര്യമാണുള്ളത്. ബിറ്റുമെൻ വിലവർദ്ധനവ് മൂലം കരാറുകാരന് നേരിടുന്ന ഈ പ്രതിസന്ധിക്ക് സർക്കാർ തലത്തിൽ അനുകൂലമായ ഒരു തീരുമാനം ഉണ്ടായാൽ മാത്രമേ ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂ. |
| 2 | **General Improvement to Eravanthra Vallappuzha road between km0/00 and 4/000** | |
| 3 | **Mulayankavu Town improvement in Koppam Pengattiri Road km 04/500 to 05/400** | **Village Officer form A** നൽകിയതിനു ശേഷമേ അതിർത്തി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു. |
| 4 | **General Budget work 2025-26 (20%) shoulder protection to Pattambi Pulamanthol Road b/w km 16/000 to 26/200 in shornur Perinthalmanna Road** | **PRICE ID 7335/2025.** പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് **05/06/2026** നാണ് അംഗീകാരം ലഭ്യമായത് . നിലവിൽ ഈ പ്രവൃത്തിയുടെ ഇനീഷ്യൽ ലെവൽ എടുത്ത് ആയത് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | **PWD/RB/EST/17367/2025_5_1_1 General –Budget work (20%) 2025-26 .Drainage and side protection in Valanchery Koppam Road b/w ch 05/250 and 5/650 and 12/000 and 12/700 at Valanchery koppam Road –General Civil Work** | നിർമ്മാണം നടത്തേണ്ട സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിക്കേണ്ട സാഹചര്യം ഉണ്ടാകുന്ന ഇടങ്ങളിൽ സമയബന്ധിതമായി താലൂക്ക് സർവ്വേയർ/റവന്യൂ അധികാരികളിൽ നിന്നും അതിർത്തി നിർണ്ണയിച്ചു തരുന്നതിന് വരുന്ന കാലതാമസവും പ്രവൃത്തികളുടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |
| 6 | **PWD/RB/EST/18130/2023_5_1_1 General- Construction of Drainage at Thiruvegappura –on Valanchery-Koppam Road b/w km 05/200 &05/500 in Pattambi LAC General Civil Work** | |
| 7 | **PWD/RB/EST/18130/2023_5_1_1 General- Construction of Drainage at Thiruvegappura – on Valanchery-** | |

| | | |
|---|---|---|
| | **Koppam Road b/w km 05/200 &05/500 in Pattambi LAC General Civil Work** | |